**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **23-01-2025 - ൽ മറുപടിയ്ക്ക്**

**പറവൂരിലെ ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ പറവൂരിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പാർപ്പിട സമുച്ചയത്തിന്റെ നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ടി ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലെ ലൈഫ് ഭവനസമുച്ചയത്തിന്റെ നിർമ്മാണകരാർ ഏറ്റെടുത്ത M/s Pennar Industries ദീർഘകാലം നിർമ്മാണ പ്രവർത്തി നിർത്തിവെച്ച കാരണത്താലും നിർമ്മാണം പുനരാരംഭിക്കാൻ പലതവണ കമ്പനിയോട് ആവശ്യപ്പെട്ടിട്ടും നിർമ്മാണം പുനരാരംഭിക്കാത്ത സാഹചര്യത്തിലും കരാർ നിയമങ്ങൾ അനുസരിച്ച് കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർനടപടികൾ പരിശോധിച്ച് വരുന്നു. |
| (ബി) | നാഷണൽ ഹൈവേ 66-ന്റെ അരികിലുള്ള ഭൂമിയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിട്ടുള്ള ചില നിബന്ധനകൾ മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ലക്ഷങ്ങൾ ഫീസ് നൽകി ആക്സസ് പെർമിറ്റ് വാങ്ങേണ്ടി വരുന്നത് മൂലം സാധാരണക്കാർക്ക് വീട് നിർമ്മാണത്തിന് തടസ്സം ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | പ്രശ്നം പരിഹരിക്കുന്നതിനായി 12/10/2024 തീയതിയിലെ ആർഎ1/427/2024- തസ്വഭവ നമ്പർ സർക്കുലർ പ്രകാരം, ദേശീയ പാതയുമായി ബന്ധപ്പെട്ട സർവ്വീസ് റോഡുകളുടെ വശങ്ങളിൽ താമസാവശ്യത്തിനായി നിർമ്മിക്കുന്ന വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി നാഷണൽ ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് നേടിയിരിക്കണമെന്ന് നിഷ്കർഷിക്കേ ണ്ടതില്ലെന്നും, കെട്ടിട നിർമ്മാണ ചട്ടങ്ങളിലും നഗരാസൂത്രണ പദ്ധതികളിലും (ബാധകമായ ഇടങ്ങളിൽ) നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം കെട്ടിടനിർമ്മാണ പെർമിറ്റ് സമയപരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ